പട്ടികജാതിയിൽപ്പെടുത്തണമെന്ന ആവശ്യം

727. [1212] ശ്രീ. വി. ദിനകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരയൻ, വാലൻ, നുളയൻ, മുക്കുവൻ, അരയവാത്തി, മുകവീരൻ, ബോവി, വളഞ്ചിയാർ, പണിയാക്കൽ, മുകയൻ എന്നീ അവാന്തര വിഭാഗങ്ങളും ഉൾക്കൊള്ളുന്ന ധീവര സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെൻറിനോട് ശുപാർശ ചെയ്തിരുന്നുവോ, എങ്കിൽ എന്ന് ;

(ബി) കേന്ദ്ര ഗവൺമെൻറിൽ നിന്ന് ഇത് സംബന്ധിച്ച് എന്തെങ്കിലും മറുപടി കിട്ടിയോ ;

(സി) ഉണ്ടെങ്കിൽ അതിൻെറ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 14-10-1986-ൽ ശുപാർശ ചെയ്തിട്ടുണ്ട്.
(ബി) ഇല്ല.
(സി) ചോദ്യം ഉദിക്കുന്നില്ല.

ചാക്കമർ സമുദായം

728. [1213] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാക്കമർ സമുദായത്തെ പട്ടികജാതി—പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി ഗവൺമെൻറ് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) ചാക്കമർ സമുദായത്തെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുത്തണമെന്ന് കേരള ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിനോട് ശുപാർശ ചെയ്തിരുന്നോ ; എങ്കിൽ കേന്ദ്ര ഗവൺമെൻറിൻെറ പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ചാക്കമർ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെൻറിനോട് ശുപാർശ ചെയ്തിട്ടുണ്ട്. കേന്ദ്ര ഗവൺമെൻറിൻെറ പ്രതികരണം അറിവായിട്ടില്ല.

കേരള പുലയർ മഹാസഭയുടെ മാർച്ച്

729. [1214] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പുലയർ മഹാസഭ (കെ. പി. എം. എസ്) യുടെ ആഭിമുഖ്യത്തിൽ 1986 ഒക്ടോബർ ഒന്നിന് മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിലേക്കു നടത്തപ്പെട്ട മാർച്ച് ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) കെ. പി. എം. എസ്. ഗവൺമെൻറിനു നൽകിയ അവകാശപത്രികയിലെ ആവശ്യങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കാമോ ;

(സി) അവയിൽ ഏതെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് ; ഏതെല്ലാംകൂടി നടപ്പിലാക്കുവാനുണ്ടെന്നു വ്യക്തമാക്കാമോ ;

(ഡി) ഇനിയും നടപ്പിലാക്കിയിട്ടില്ലാത്ത കാര്യങ്ങൾ ഉടനടി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly